# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരൂർ നഗരസഭ - ICDP സെന്റർ ആരംഭിയ്ക്കുന്നതിനായി തിരൂർ വില്ലേജിലെ 20 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1695/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂലായ് 09, 2009.

---

പരാമർശം:
1. തിരൂർ നഗരസഭയുടെ 12-10-2004-ലെ 42-ാം നമ്പർ കൗൺസിൽ തീരുമാനം.
2. തിരൂർ നഗരസഭാ സെക്രട്ടറിയുടെ 23-12-2008-ലെ ടി.പി/4262/03 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 03-02-2009-ലെ ജി.3/16273/08 നമ്പർ കത്ത്.

## ഉത്തരവ്

തിരൂർ നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റെയും പരാമർശം (2)-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ICDP സെന്റർ തുടങ്ങുന്നതിനായി തിരൂർ വില്ലേജിലെ സർവ്വേ നമ്പർ 16/6, 16/9, 16/10 എന്നിവയിൽപ്പെട്ട 20 സെന്റ് സ്ഥലം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അക്വയർ ചെയ്യുന്നതിന് തിരൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.

(2) അക്വിസിഷനായി ഉദ്ദേശിക്കുന്ന സ്ഥലം വയൽ പ്രദേശമാണെങ്കിൽ ആയത് നികത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം സംസ്ഥാനതല സമിതിയുടെ അംഗീകാരം തേടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, തിരൂർ നഗരസഭ, മലപ്പുറം ജില്ല.

ജില്ലാ കളക്ടർ,മലപ്പുറം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.